പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1862 05.12.2014 - ൽ മറുപടിയ്ക്ക്

## മിഷൻ 676 മുഖേന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ

ചോദ്യം

ശ്രീ. ജോസഫ് വാഴയ്ക്കൻ

ശ്രീ. പാലോട് രവി

ശ്രീ. സി.പി. മുഹമ്മദ്

ശ്രീ. റ്റി.എൻ. പ്രതാപൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഭിന്നശേഷി ഉള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഭിന്നശേഷി ഉള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷയ്ക്കായി 13 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മിഷൻ 676 മുഖേന വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. നിർഭയ പദ്ധതി<br>2. ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം<br>3. സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും<br>4. സർക്കാർ - സാമൂഹ്യ സംഘടനാ കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.<br>5. അട്ടപ്പാടി പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും.<br>6. ഹീമോഫീലിയ രോഗികൾക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ<br>7. കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും.<br>8. കിഡ്നി/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് |

| | | | |
|---|---|---|---|
| | | | വിധേയരായവർക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ<br>9. ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-core banking മുഖേനയും നൽകും.<br>10. നിഷ് നെ National University for disabilities and rehabiliation ആയി ഉയർത്തും.<br>11. Gender Awareness Programme ന കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും.<br>12. എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും.<br>13. തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ (ഷീ ഷോപ്പ് ) നടപ്പിലാക്കും. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (സി) & (ഡി) | |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | | |

| **സ്കീമുകൾ** | **പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കൽ & പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ** |
|---|---|
| നിർഭയ പദ്ധതി 2235-02-103-79(P) | നിർഭയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 9 ജില്ലകളിലായി 10 നിർഭയ ഷെൽറ്റർഹോമുകൾ ആരംഭിച്ച് കഴിഞ്ഞു. 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും One Stop Crisis Cell പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിടനിർമ്മാണം 2235-02-001-94(P) | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും 07.08.2014 ന് കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| | |

| | | | | |
|---|---|---|---|---|
| | | | സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും 2235-60-200-72(06) | പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി സ.ഉ.(സാധാ)നം 365/2014/സാ.നീ.വ തീയതി 19.05.2014 പ്രകാരം നൽകിയിട്ടുണ്ട്. |
| | | | സർക്കാർ -സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും. 2235-60-02-104-83 | 14 സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ 14 വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് 3,73,38,000 രൂപയുള്ള പ്രൊപ്പോസലിന് 18.08.2014 ലെ സ.ഉ(സാധാ)നം. 530/14/സാനീവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | അട്ടപ്പാടി പട്ടിക വർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും 2235-60-200-83 | അട്ടപ്പാടി ICDS പ്രോജക്ടിലെ അങ്കണവാടികളിൽ പ്രീ-സ്കൂൾ സാധനങ്ങൾ വാങ്ങുന്നതിനും (43 ലക്ഷം), അട്ടപ്പാടിയിലെ Tribal girls club ൽ sportskit വാങ്ങുന്ന (70,000) പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| | | | ഹീമോഫിലിയ രോഗികൾക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ 2235-60-200-72(00)NP | 217 ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ അനുവദിച്ചു. |
| | | | കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 | Oto Acoustic Emission (OAE) ഉപകരണം വാങ്ങി 40 സർക്കാർ ആശുപത്രികളിൽ നൽകി കഴിഞ്ഞു. |

| | | | | |
|---|---|---|---|---|
| | | | ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. 2235-02-101-78 (P) | |
| | | | വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ | **പെൻഷൻ അനുവദിച്ച വിശദവിവരം**<br><br>ഡയാലിസിസിന് വിധേയരാകുന്ന ഗുണഭോക്താക്കൾ - 2522<br><br>വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർ - 392 |
| | | | ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധന സഹായങ്ങളും RTGS-Core banking മുഖേനയും നൽകും 2235-60-200-72(02) | ആവശ്യമായ തുക സാമൂഹ്യ സുരക്ഷാമിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. പദ്ധതിയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. |
| | | | നിഷിനെ National University for disabilities and rehabiliation ആയി ഉയർത്തും 2235-02-101-78 | നിഷിനെ സർവ്വകലാശാലയായി പ്രഖ്യാപിക്കുന്നതിന് നിയമ നിർമ്മാണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു. കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | Gender Awareness Programme-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. | 06.05.2014 ലെ സ.ഉ. (സാധാ) നം. 295/2014/ സാനീവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും | തിരുവനന്തപുരത്തും എറണാകുളത്തും ഷീ-ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| | | | തിരുവനന്തപുരത്ത് പരീക്ഷണ അടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ (ഷീ ഷോപ്പ്) നടപ്പിലാക്കും | ജെൻഡർപാർക്കിൽ നിന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ